**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1343** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി കെ. കെ. രമ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപക നിയമനങ്ങൾ സംബന്ധിച്ച് ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലെ നിലപാട് വ്യക്തമാക്കുമോ; | (എ) | ഖാദർ **കമ്മിറ്റി റിപ്പോർട്ടിൽ എയ്ഡഡ് മേഖലയിലെ അധ്യാപക നിയമനങ്ങൾ ഉൾപ്പെടെ വിദ്യാഭ്യാസ മേഖലയിലെ നിയമനങ്ങൾ സംബന്ധിച്ച് വിവിധ തരത്തിലുള്ള ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ഈ ശുപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെയും റിപ്പോർട്ടിന്റെയും പരിശോധന നടന്നുവരികയാണ്. എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കി അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ.** |
| (ബി) | ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ സ്കൂൾ സമയമാറ്റം സംബന്ധിച്ച ശിപാർശ എന്താണെന്നും ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ സ്കൂൾ സമയമാറ്റം സംബന്ധിച്ച ശുപാർശ അനുബന്ധമായി ചേർക്കുന്നു. 'മികവിനായുള്ള വിദ്യാഭ്യാസം'രണ്ടാം ഭാഗം റിപ്പോർട്ടിലാണ് ഈ വിഷയം പരാമർശിക്കുന്നത്. സ്കൂൾ സമയമാറ്റം ഉൾപ്പെടെയുള്ള പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ 05-08-2024 ലെ സ.ഉ.(കൈ) നം.94/2024/ പൊവിവ പ്രകാരം ഓരോന്നും പ്രത്യേകം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുമെന്ന വ്യവസ്ഥയോടെ, തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ച മാത്രമേ തീരുമാനം കൈക്കൊള്ളുകയുള്ളൂ. |
| (സി) | പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ ആവശ്യമാണെന്ന് വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ സ്കൂൾ സമയമാറ്റം സംബന്ധിച്ച ശുപാർശ അനുബന്ധമായി ചേർക്കുന്നു. 'മികവിനായുള്ള വിദ്യാഭ്യാസം'രണ്ടാം ഭാഗം റിപ്പോർട്ടിലാണ് ഈ വിഷയം പരാമർശിക്കുന്നത്. സ്കൂൾ സമയമാറ്റം ഉൾപ്പെടെയുള്ള പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ 05-08-2024 ലെ സ.ഉ.(കൈ) നം.94/2024/ പൊവിവ പ്രകാരം ഓരോന്നും |

| | | | |
|---|---|---|---|
| | | | പ്രത്യേകം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുമെന്ന വ്യവസ്ഥയോടെ, തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ച മാത്രമേ തീരുമാനം കൈക്കൊള്ളുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**19. പഠനസമയം**

1) പഠനസമയം ഗുണതാമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സമീപിക്കാൻ കഴിയണം. കേന്ദ്രീയവിദ്യാലയങ്ങളിലും, ദേശീയ പാഠ്യപദ്ധതി നടപ്പാക്കുന്ന വിദ്യാലയങ്ങളിലും സ്കൂൾ സമയം 7.30 നും 8.30 നും ഇടയിലാണ് ആരംഭിക്കുന്നത്. അക്കാദമികകാരണങ്ങളിലാണ് ഈ സമയം പാലിക്കുന്നത്. എന്നാൽ കേരളത്തിൽ ഇപ്പോൾ നിലനിൽക്കുന്ന പഠനസമയം വളരെക്കാലമായി നിലനിൽക്കുന്നതാണ്. കുട്ടികളുടെ സകലമാന കഴിവുകളെയും അഭിമുഖീകരിക്കേണ്ടിവരുന്ന രണ്ടാംതലമുറ വിദ്യാഭ്യാസപ്രശ്നങ്ങൾ പരിഗണിക്കുകയാണെങ്കിൽ പഠനസമയത്തെക്കുറിച്ച് പുതിയ ആലോചനകൾ വേണ്ടിവരും. അങ്ങനെ ചെയ്യുമ്പോൾ സാമൂഹികമായി ഉയർന്നുവരാനിടയുള്ള വിവിധ കാര്യങ്ങൾ ആഴത്തിൽ പരിശോധിക്കേണ്ടതുണ്ട്. അത്തരം പരിശോധനയിലൂടെ ഉയർന്നുവരുന്ന സമവായത്തിനടിസ്ഥാനത്തിൽ പഠനസമയം മാറ്റുകയാണെങ്കിൽ താഴെ പറയുന്ന നിർദേശങ്ങളും പരിഗണിക്കാവുന്നതാണ്:

i കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യംവച്ചുകൊണ്ട് അതിനാവശ്യമായ തരത്തിൽ നിലവിലുള്ള പഠനസമയം ക്രമീകരിക്കണം. കുട്ടികളുടെ മാനസികവും വൈകാരികവും ശാരീരികവും ക്രിയാത്മകവുമായ ഘടകങ്ങൾ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യാൻ കഴിയുംവിധമാകണം ഈ ക്രമീകരണങ്ങൾ. ഇങ്ങനെ ക്രമീകരിക്കുമ്പോൾ കുട്ടികളുടെ പ്രായവും ശാരീരികവും മാനസികവുമായ സവിശേഷതകളും പരിഗണിക്കപ്പെടണം.

ii പ്രീസ്കൂൾ ഘട്ടത്തിലെ - അങ്കണവാടികളടക്കം - പ്രവർത്തനസമയം അതതു പ്രാദേശിക സമൂഹം തീരുമാനിക്കുന്നതാണ് ഉചിതം. പൊതുമാർഗനിർദേശം സംസ്ഥാന തലത്തിൽ ഉണ്ടായാൽ മതിയാകും. നാല്-നാലര മണിക്കൂർ ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കണമെന്നു തീരുമാനിച്ചാൽ മതിയാകും. പക്ഷേ, തൊഴിൽ ചെയ്യുന്ന അച്ഛനമ്മമാരുടെ പ്രശ്നം കൂടി പരിഗണിക്കണം. ഇത്തരം രക്ഷിതാക്കളുടെ കുട്ടികൾക്ക് അവർ തൊഴിലിനു പോകുന്നതു മുതൽ തിരിച്ചുവരുന്നതുവരെ സുരക്ഷിതമായി കുട്ടികളെ സംരക്ഷിക്കാനുള്ള സംവിധാനം കൂടി സാമൂഹികമായി വികസിപ്പിക്കണം. ഇത് പ്രീസ്കൂളിൽ തൊഴിൽ ചെയ്യുന്നവരുടെ മാത്രം ഉത്തരവാദിത്തമാക്കരുത്.

iii ഒന്നുമുതൽ നാലുവരെ ലോവർ പ്രൈമറിതലത്തിൽ പഠനസമയം കാലത്ത് 8 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ആകാവുന്നതാണ്. (സമയം ഇങ്ങനെ നിർദേശിക്കുന്നുണ്ടെങ്കിലും ഓരോ സ്കൂളും ആകെ പ്രവൃത്തിസമയം പാലിച്ചു കൊണ്ട് പ്രാദേശികാവശ്യങ്ങൾ പരിഗണിച്ച് സ്കൂൾസമയം ക്രമീകരിക്കാവുന്നതുമാണ്)

iv അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പ്രായത്തിനനുസരിച്ച് പാഠ്യപദ്ധതി നിഷ്കർഷിക്കുന്ന ലക്ഷ്യങ്ങൾ നേടാൻ ഉതകുന്ന, പ്രധാനമായും പാഠപുസ്തകത്തിൽ നിർദേശിച്ചിരിക്കുന്ന പഠനവസ്തുതകൾ സ്വാംശീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കാലത്ത് 8 മണി മുതൽ 1 മണി വരെയുള്ള സമയം വിനിയോഗിക്കാം.

v കലാ-കായികരംഗങ്ങളിൽ അഭിരുചിയുള്ള കുട്ടികൾക്ക് അതിനുള്ള അവസരമുണ്ടാകണം. തൊഴിൽവിദ്യാഭ്യാസം (വർക്ക് എജ്യുക്കേഷൻ), അന്വേഷണപ്രവർത്തനങ്ങൾ, ലൈബ്രറി വിനിയോഗം, ലാബ്വിനിയോഗം, ചില വിഷയമേഖലകളിൽ കൂടുതൽ ആഴത്തിൽ അറിയാനും കുട്ടികൾക്ക് താൽപ്പര്യാനുസൃതമായി അനുഭവങ്ങളിൽ ഏർപ്പെടാനുമുള്ള സമയമായി ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെയുള്ള സമയത്തെ പ്രയോജനപ്പെടുത്താം.

2) പ്രൈമറിതലത്തിൽ നിർബന്ധമായി ഒരു നിശ്ചിതസമയം ക്ലാസിനകത്തുനിന്നുതന്നെ ചെയ്യാൻ കഴിയുന്ന ലഘുവ്യായാമങ്ങൾ നിർബന്ധമാക്കണം. ഇത് പഠനത്തിന്റെ ഭാഗമായി ഉൾച്ചേർത്താൽ ഏതു പീരിയഡിലും നടത്താൻ കഴിയും. കുട്ടികളുടെ കലാവാസനയും സർഗവാസനകളും പരിപോഷിക്കാനുള്ള സമയവും പഠനസമയത്തിന്റെ പരിധിയിൽ ഉണ്ടാകണം.
3) ശനിയാഴ്ചകൾ കുട്ടികളുടെ സ്വതന്ത്രദിനമായി മാറണം. ഈ ദിനം പരീക്ഷണ-നിരീക്ഷണങ്ങളിലേർപ്പെടാനും സ്കൂൾ ലൈബ്രറികളടക്കമുള്ള ലൈബ്രറികളിൽ വായനയ്ക്കും റഫറൻസിങ്ങിനും സംഘപഠനത്തിനും സഹായകമായ ദിനമാക്കി മാറ്റാം.